This question paper consists of **30** questions and **7** printed pages.
ഈ ചോദ്യപേപ്പറിൽ **30** ചോദ്യങ്ങളും, **7** അച്ചടിച്ച പുറങ്ങളും ഉണ്ട്.

**Roll No.**
**റോൾ നമ്പർ** | | | | | | | | | | | | |

**Code No.**
**കോഡ് നമ്പർ** **64/S/O/MM**

# MALAYALAM
# മലയാളം
# (232)

**SET** **A**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ..........................................................................

**Signature of Invigilators** **1.** ..........................................
**(ഇൻവിജിലേറ്ററിന്റെ ഒപ്പ്)**
**2.** ..........................................

---

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **64/S/O/MM, Set A** എഴുതേണ്ടതാണ്.

# MALAYALAM
# മലയാളം
# (232)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

---

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് ശരിയായത് തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

1. വള്ളത്തോൾ ധാത്രിമാരായി കല്പിച്ചിരിക്കുന്നത് ആരെ ? **11 × 1 = 11**

(A) തൻഭാഷയെ (B) മാതൃഭാഷയെ

(C) മറ്റുള്ള ഭാഷകളെ (D) മാതാവിനെ

2. വി.ടി. ഭട്ടതിരിപ്പാടിന് ചെടിപ്പുണ്ടാക്കിയിരുന്ന കാഴ്ച എന്ത് ?

(A) സ്ത്രീകൾ മണിയടിക്കാൻ പാടില്ലെന്ന നിയമം

(B) ശർക്കരയും നാളികേരവും കുട്ടിക്കുഴച്ചുണ്ടാക്കിയ മധുരസാധനം

(C) പുതപ്പും കുടയുമായി അമ്മ അമ്പലത്തിൽ പോകുന്നത്

(D) അച്ഛൻ ഉണ്ട ഇലയിൽ അമ്മ ഉണ്ണുന്നത്

3. പെങ്ങൾ ബന്ധിച്ച രാഖിയെ ഒ.എൻ.വി. ഏതിനോടാണ് സാദൃശ്യപ്പെടുത്തുന്നത് ?

(A) ചന്ദനത്തോട് (B) അകിലിനോട്

(C) ചുഴ്ന്നെടുത്ത രക്തഞരമ്പിനോട് (D) കുടിച്ചു വറ്റിച്ച ദുഃഖങ്ങളോട്

4. നെയ്പ്പായസം എന്ന കഥയുമായി ബന്ധിപ്പിക്കാവുന്ന പ്രസ്താവന ഏത് ?

(A) നഗരത്തിലെ ഒറ്റപ്പെടലിൽ ഹോമിക്കപ്പെടുന്ന ഒരു വീട്ടമ്മയുടെ കഥ

(B) പായസത്തോടുള്ള കുട്ടികളുടെ ആർത്തി

(C) നെയ്പ്പായസം ഒരാളുടെ ജീവിതത്തിൽ ഉണ്ടാക്കിയ വഴിത്തിരിവ്

(D) സർക്കാർ ഉദ്യോഗസ്ഥരുടെ ബുദ്ധിമുട്ടുകൾ നിറഞ്ഞ ജീവിതം.

5. മരത്തിനു സ്തുതി എന്ന കവിതയിൽ മരണത്തിന്റെ സൂചന നൽകുന്ന പ്രയോഗം ഏത് ?

(A) കരുന്നുതൊട്ടിൽ (B) മണിമഞ്ചം

(C) കനൽവിരിപ്പ് (D) കളിപ്പാട്ടച്ചിരി

6. രാത്രിയിൽ മാത്രം നടത്താവുന്ന ദൃശ്യകല എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് ഏതിനെ ?

(A) കഥകളിയെ (B) പുലിക്കളിയെ

(C) ഓട്ടൻതുള്ളലിനെ (D) ചാക്യാർകൂത്തിനെ

7. ചന്ദനലതയിലധോമുഖശയനം ചെയ്യുന്ന മണിനാഗമായി സങ്കല്പിച്ചിരിക്കുന്നത് എന്തിനെ ?

(A) കവിതയെ (B) ചന്ദ്രികയെ

(C) ചികരഭരത്തെ (D) ഹൃത്തിനെ

8. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന സന്ദേശം ഉൾപ്പെടുന്നകൃതി ഏത് ?

(A) മതമീമാംസ (B) ജാതിനിർണയം

(C) അനുകമ്പാദശകം (D) ഏകാന്തം

9. തീർത്ഥസ്നാനം ചെയ്യിപ്പിച്ചു കൃതാർത്ഥനതായിതു – തീർത്ഥസ്നാനത്തിനു വിധേയനായത് ആര് ?

(A) സുഗ്രീവൻ (B) നാരദൻ

(C) ബാലി (D) രാവണൻ

10. ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരുപോലെയാണെന്നു പറയുന്നതിന്റെ പൊരുൾ എന്ത് ?

(A) ബാലിയിലെ മഴ മനോഹരമാണ്

(B) ബാലിയിലെ മഴ പ്രവചിക്കാനാവില്ല

(C) ബാലിയിൽ എപ്പോഴും മഴയാണ്

(D) ബാലിപ്പെണ്ണുങ്ങൾ മഴ ഇഷ്ടപ്പെടുന്നവരാണ്

11. താഴെ പറയുന്നവയിൽ കൂട്ടത്തിൽപ്പെടാത്തത് ഏത് ?

(A) പുഴ + കടവ് (B) തല + എടുപ്പ്

(C) തല + പൊക്കം (D) വല + കണ്ണി

12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **2 + 2 = 4**

(i) ദുസ്സഹമായിത്തീരുക

(ii) ആശ്ചര്യഭരിതൻ

13. ഓണത്തിന്റെ ഒരുക്കുങ്ങളായി നാടൻപാട്ടിൽ പറഞ്ഞിരിക്കുന്നത് എന്തെല്ലാം ? **2**

14. കച്ചട്ടിസ്വാമിയാരുടെ കഥയിലുടെ സജ്ഞയൻ നൽകുന്ന സന്ദേശം എന്ത് ? **2**

15. ഗോപികമാർ പിച്ചകത്തോടും അത്തിയോടും എന്തെല്ലാമാണ് അന്വേഷിച്ചത് ? **2**

16. ഉണ്ണായിവാരിയരുടെ എന്തെല്ലാം സവിശേഷതകളാണ് കുഞ്ഞുണ്ണി കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത് ? **3**

17. രാമൻ വില്ലു കുലച്ചപ്പോൾ സദസ്യരിലുണ്ടായ മാറ്റങ്ങൾ എഴുത്തച്ഛൻ ചിത്രീകരിക്കുന്നത് എങ്ങനെ ? **3**

18. കുടുംബത്തിൽനിന്ന് നാം പഠിക്കുന്ന പാഠങ്ങൾ എന്തെല്ലാം ? **3**

19. വാസവദത്തയുടെ സമ്പൽസമൃദ്ധി സൂചിപ്പിക്കുന്ന വർണനകൾ എന്തെല്ലാം ? **3**

20. ബാലിദ്വീപിൽ സഞ്ചരിച്ച പൊറ്റെക്കാടിന്റെ മനസ്സിൽ കേരളത്തെക്കുറിച്ചുള്ള ഓർമ ഉണർത്തിയ അനുഭവങ്ങൾ എന്തെല്ലാം ? **3**

21. നാനാത്വത്തിൽ ഏകത്വം എന്ന ആശയം എങ്ങനെയാണ് നെഹ്റു അവതരിപ്പിച്ചിരിക്കുന്നത് ? **4**

22. വളർത്തുമൃഗങ്ങൾ എന്ന കഥയിലെ ജാനമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാം ? **4**

23. കേരളസമൂഹത്തിനു മുമ്പിൽ ശ്രീനാരായണഗുരു അവതരിപ്പിച്ച മഹത്തായ സന്ദേശങ്ങളെക്കുറിച്ച് വിവരിക്കുക. **4**

24. മനസ്വിനി എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക. **5**

25. ഡയറിക്കുറിപ്പുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട് കാര്യങ്ങൾ എന്തെല്ലാം ? **5**

26. സ്വാതന്ത്ര്യദിനാഘോഷത്തെക്കുറിച്ച് സുഹൃത്തിനെ അറിയിക്കുന്ന കത്ത് തയ്യാറാക്കുക. **5**

27. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. **5**

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം

28. താഴെ കൊടുത്തിട്ടുള്ള പദ്യഭാഗം പരാവർത്തനം ചെയ്യുക. **10**

കഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം
പൊന്നേപ്പോലത്തെ നെറ്റിയിലുണ്ടല്ലോ
മഞ്ഞൾവരക്കുറി ചാന്തുപൊട്ടും
ഈറൻമുടിയിലെള്ളെണ്ണമണം, ചില-
നേരമത്തുമ്പത്തൊരു പൂവും
കയ്യിലൊരൊറ്റക്കുപ്പിവള, നിറം-
കണ്ടാൽ കാവിലെ ദേവിതന്നെ.

29. താഴെകൊടുത്ത ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

ആരോഗ്യത്തെപ്പറ്റി പല നിർവചനങ്ങളും നാം കേട്ടിട്ടുണ്ട്. രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം എന്നതാണ് ഏറ്റവുമധികം പ്രചാരത്തിലുള്ള അഭിപ്രായം. എന്നാൽ ഈ അഭിപ്രായം ഒരു ഗൂഢാലോചനയുടെ സന്തതിയാണ്. ഔഷധനിർമാണക്കമ്പനികളും ആശുപത്രിക്കച്ചവടക്കാരും ചേർന്ന് തങ്ങളുടെ ബിസിനസ് ലാഭകരമാക്കാനാണ് ഇങ്ങനെയൊരു നിർവചനം ലോകമെമ്പാടും തന്ത്രപൂർവം പ്രചരിപ്പിച്ചത്. വാസ്തവത്തിൽ മനുഷ്യൻ ശാരീരികമായും മാനസികമായും സാമൂഹികമായും സുഖമായിരിക്കുന്ന അവസ്ഥയാണ് ആരോഗ്യം. ഈ സുസ്ഥിതി കൈവരുത്തുന്നതിൽ ഔഷധങ്ങൾക്കും ആശുപത്രികൾക്കുമുള്ള പങ്ക് എത്രയോതുച്ഛമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

30. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസിക്കുക : **12**

(i) സമൂഹപുരോഗതിയും അന്ധവിശ്വാസങ്ങളും

(ii) സ്ത്രീകളും സാക്ഷരതയും

(iii) ശുചിത്വവും ആരോഗ്യവും

---